# Malayala Manorama
# 31 August 2018
# Kochi ; Flood relief Fund, Flood Victims



## രണ്ടാമൻ ഇപി തന്നെ

തിരുവനന്തപുരം● മന്ത്രിസഭയിലെ രണ്ടാമൻ ഇ.പി.ജയരാജൻ തന്നെയെന്നുറപ്പിച്ച് നിയമസഭയിൽ വീണ്ടും സീറ്റ് ക്രമീകരണം. രണ്ടാമതു മന്ത്രിയായ ശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനം നടന്ന ഇന്നലെ മുഖ്യമന്ത്രിയുടെ സമീപത്തെ സീറ്റ് ജയരാജനു ലഭിച്ചു. ഈ സീറ്റിലുണ്ടായിരുന്ന മന്ത്രി എ.കെ.ബാലനു മുൻനിരയിൽ ഘടകകക്ഷി മന്ത്രിമാർക്കു ശേഷം ഇരിപ്പിടം നൽകി. ഇവിടെ ഉണ്ടായിരുന്ന മന്ത്രി ജി.സുധാകരനെ രണ്ടാം നിരയിലേക്കു മാറ്റി. ഇതോടെ ഇ.പി മുൻപു മന്ത്രിയായിരുന്നപ്പോഴത്തെ അതേ ക്രമീകരണത്തിലേക്കു മന്ത്രിമാരുടെ സീറ്റുകൾ മാറി.

മന്ത്രിസഭയിൽ രണ്ടാമനും മൂന്നാമനും ഇല്ലെന്നു മുഖ്യമന്ത്രി നേരത്തേ വ്യക്തമാക്കിയിരുന്നെങ്കിലും ഫലത്തിൽ രണ്ടാമൻ ഇ.പി തന്നെയെന്നു സ്ഥിരീകരിക്കുന്നതായി പുതിയ ക്രമീകരണം.

## മനോരമ മെഡിക്കൽ ക്യാംപ് തുണയായത് 12,000 പേർക്ക്

■ ഇന്ന് അഞ്ചു ക്യാംപുകൾ; വിവിധ മേഖലകളിലായി 50 ക്യാംപുകൾക്ക് ഒരുക്കം

**മനോരമ ലേഖകർ**

പ്രളയബാധിത മേഖലകളിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി മലയാള മനോരമ സംഘടിപ്പിച്ച 18 മെഡിക്കൽ ക്യാംപുകളിൽ ചികിൽസ തേടിയതു പന്ത്രണ്ടായിരത്തോളം പേർ. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, കോട്ടയം ജില്ലകളിൽ ക്യാംപുകൾ തുടരുകയാണ്.

ഇന്നലെ ആലപ്പുഴ ജില്ലയിലെ

കൂടെയുണ്ട് നാട്

പള്ളിപ്പാട്ടു നടത്തിയ ക്യാംപിൽ 955 പേർ ചികിൽസ തേടി.

ഇന്നു പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലായി അഞ്ചു ക്യാംപുകൾ നടക്കും.

പ്രളയക്കെടുതിയിൽപെട്ട എല്ലാവർക്കും മെഡിക്കൽ സേവനം ലഭ്യമാക്കാനായി 50 ക്യാംപുകളാണു ലക്ഷ്യമിടുന്നത്.

മദ്രാസ് മെഡിക്കൽ മിഷൻ, പോണ്ടിച്ചേരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി ആസ്റ്റർ മെഡ് സിറ്റി, പത്തനംതിട്ട മുത്തൂറ്റ് ഹോസ്പിറ്റൽ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ്, തൊടുപുഴ ചാഴികാട്ട് ഹോസ്പിറ്റൽ, കോലഞ്ചേരി എംഒഎസ്സി മെഡിക്കൽ കോളജ്, കോട്ടയം കാരിത്താസ് ആശുപത്രി, തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ്, പരുമല സെന്റ് ഗ്രിഗോറിയോസ് മിഷൻ ആശുപത്രി, കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ, കേരള ഗവ. മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ തൃശൂർ ശാഖ എന്നിവയുടെ സഹകരണത്തോടെയാണു പദ്ധതി.

## പലതുള്ളി പെരുവെള്ളമാകാൻ ദുരിതാശ്വാസനിധി

**മനോരമ ലേഖകൻ**

തിരുവനന്തപുരം● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നാവികസേനയുടെ സംഭാവനയായ 8.92 കോടി രൂപ സേനാമേധാവി അഡ്മിറൽ സുനിൽ ലാൻബ നൽകി. സപ്ലൈകോയുടെ ഒരുകോടി രൂപ മന്ത്രി പി.തിലോത്തമൻ കൈമാറി.

സംസ്ഥാനത്തെ ഐഎഎസ് ഓഫിസർമാരെല്ലാം ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു നൽകാൻ തീരുമാനിച്ചു. ഐഎഎസ് ഓഫിസേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രി പിണറായി വിജയന് ഇതു സംബന്ധിച്ചു കത്തുനൽകി. മിസോറം സർക്കാർ രണ്ടുകോടി രൂപയും 34 കോൺഗ്രസ് എംഎൽഎമാർ ഒരു ലക്ഷം രൂപ വീതവും നൽകും.

രാമചന്ദ്രൻ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു നൽകും.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ.രാജൻ ഗുരുക്കളും കൗൺസിൽ ജീവനക്കാരും ഒരു മാസത്തെ ശമ്പളമായ 7,32,742 നൽകും.

കേരള കോൺഗ്രസി(എം)ന്റെ ആറ് എംഎൽഎമാരുടെയും ജോസ് കെ.മാണി എംപിയുടെയും ഒരു മാസത്തെ ശമ്പളം പാർട്ടി ചെയർമാൻ കെ.എം.മാണി മുഖ്യമന്ത്രിക്കു കൈമാറി.

എൻസിപി ദേശീയനേതൃത്വം നൽകിയ ഒരുകോടി രൂപയുടെ ചെക്ക് സംസ്ഥാന പ്രസിഡന്റ് തോമസ് ചാണ്ടി എംഎൽഎ മുഖ്യമന്ത്രിക്കു കൈമാറി.

മലബാർ മുസ്‌ലിം അസോസിയേഷൻ ഒരുകോടി രൂപയുടെ പു

ഫരീദാബാദ് ഏഷ്യൻ ആശുപത്രി 15 ലക്ഷം രൂപ കൈമാറുകയും 15 ലക്ഷത്തിന്റെ അവശ്യസാധനങ്ങൾ എത്തിക്കുകയും ചെയ്തു.

രാമനാട്ടുകര സഹകരണ ബാങ്ക് 10 ലക്ഷം രൂപ കൈമാറി.

കേരള സഹകരണ റബർ മാർക്കറ്റിങ് ഫെഡറേഷൻ (റബർമാർക്) പ്രസിഡന്റ് ടി.എച്ച്.മുസ്തഫയുടെ ഒരു മാസത്തെ ഓണറേറിയവും ജീവനക്കാരുടെ രണ്ടു ദിവസത്തെ വേതനവും സ്ഥാപനത്തിന്റെ വിഹിതമായി മൂന്നുലക്ഷം രൂപയും ചേർത്ത് 5.13 ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്കു നൽകും.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ അംഗങ്ങളും ഒരു മാസത്തെ ഓണറേറിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യും. ബ്ലോക്ക് പഞ്ചായത്തു ഫണ്ടിൽ നിന്നു രണ്ടുലക്ഷം

### 71 കോടി സഹായവുമായി റിലയൻസ് ഫൗണ്ടേഷൻ; നിത അംബാനി ആലപ്പുഴയിൽ

പള്ളിപ്പാട് (ആലപ്പുഴ)) ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കൈമാറുന്ന 21 കോടി രൂപയുടെ സഹായമുൾപ്പെടെ നവകേരള നിർമാണത്തിന് എല്ലാ പിന്തുണയും നൽകുമെന്നു റിലയൻസ് ഫൗണ്ടേഷൻ ചെയർപഴ്സൻ നിത അംബാനി. പള്ളിപ്പാട്ടെ ദുരിതാശ്വാസ ക്യാംപിൽ സന്ദർശനം നടത്തുകയായിരുന്നു അവർ.

പ്രളയ ദുരിതത്തിൽപെട

ആറു ജില്ലകളിൽ റിലയൻസ് ഫൗണ്ടേഷൻ 50 കോടി രൂപയുടെ ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഹെലികോപ്റ്ററിൽ പള്ളിപ്പാട്ട് എത്തിയ നിത അംബാനി എൻടിപിസി പമ്പ് ഹൗസ് പ്രദേശത്തെ ദുരിതാശ്വാസ ക്യാംപാണു സന്ദർശിച്ചത്.

കുട്ടികൾക്കു സ്കൂൾ ബാഗും നോട്ട് ബുക്കുകളും വിതരണം ചെയ്തു.